**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- സാമൂഹിക സാമ്പത്തിക ജാതി സെൻസസ്-2011 - വെരിഫിക്കേഷൻ & കറക്ഷൻ മോഡ്യൂൾ കേന്ദ്ര സർക്കാർ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ (മലയാള പരിഭാഷ) അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ). 1268/13/തസ്വഭവ തീയതി,തിരുവനന്തപുരം, 13.05.2013

=====================================================================

**പരാമർശം:** ഗ്രാമവികസന കമ്മീഷണറുടെ 20.03.2013–ലെ 25123/എസ്.ഇ.സി.സി.12/ സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011-നോടനുബന്ധിച്ച് നടന്ന എന്യൂമറേഷനിൽ ആദിമഗോത്രവർഗ്ഗ വിഭാഗങ്ങൾ, തോട്ടിപ്പണിക്കാർ, നിയമാനുസൃതം മോചിപ്പിക്കപ്പെട്ട അടിമപ്പണിക്കാർ, യാചകർ, ജാതിപ്പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ വളരെയധികം തെറ്റുകൾ കടന്നുകൂടിയതായും പ്രസ്തുത തെറ്റുകൾ പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാർ വെരിഫിക്കേഷൻ & കറക്ഷൻ മോഡ്യൂൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതായും, ഇതിലേക്ക് വെരിഫൈയിംഗ് ആഫീസർമാരെ സംസ്ഥാന സർക്കാർ നിയമിക്കണമെന്നും കേന്ദ്രസർക്കാർ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളുടെ മലയാള പരിഭാഷ അംഗീകരിക്കണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011 വെരിഫിക്കേഷൻ ആന്റ് കറക്ഷൻ മോഡ്യൂൾ മലയാള പരിഭാഷ താഴെ പറയുന്ന നിബന്ധനകളോടെ അംഗീകരിച്ച് ഉത്തരവാകുന്നു.

"എന്യൂമറേഷൻ ഘട്ടത്തിൽ സൂപ്പർവൈസർമാരായി നിയമിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥരേക്കാൾ ഉയർന്ന തസ്തികയിൽ ഉള്ളവരാകണം വെരിഫൈയിംഗ് ഓഫീസർമാരായി നിയമിക്കപ്പെടേണ്ടത്. ഇതിലേക്ക് മതിയായ ഉദ്യോഗസ്ഥരെ ലഭിക്കാത്ത പക്ഷം സൂപ്പർവൈസർമാരെ തന്നെ വെരിഫൈയിംഗ് ഓഫീസർമാരായി നിയമിക്കാം. എന്നാൽ ഇവർ സൂപ്പർവൈസറി ജോലി ചെയ്ത എന്യൂമറേഷൻ ബ്ലോക്ക് ഒഴികെയുള്ള മറ്റ് എന്യൂമറേഷൻ ബ്ലോക്കുകളിലായിരിക്കണം വെരിഫൈയിംഗ് ആഫീസറായി

നിയമിക്കപ്പെടേണ്ടത്. എന്യൂമറേഷൻ ഘട്ടത്തിൽ സൂപ്പർ വൈസറി ഉദ്യോഗസ്ഥരായി നിയമിതരായിരുന്ന അദ്ധ്യാപകർ, അനദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ റിട്ടയർ ചെയ്ത സാഹചര്യത്തിൽ മതിയായ എണ്ണം വെരിഫയിംഗ് ഓഫീസർമാരെ ലഭിക്കാത്ത പക്ഷം ബ്ലോക്ക് തലത്തിൽ ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാർ, വനിത ക്ഷേമ ഓഫീസർ തസ്തികയിൽ ജോലിചെയ്യുന്നവരെയും ആവശ്യമെങ്കിൽ വെരിഫൈയിംഗ് ഓഫീസർമാരായി നിയമിക്കാവുന്നതാണ്".

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജി.ശിവപ്രസാദ്,
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാകളക്ടർമാർക്കും
5. എല്ലാ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
6. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
8. എല്ലാ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാർക്കും/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
9. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
11. എക്സിക്യൂട്ടീവ് ഓഫീസർ കണ്ണൂർ കന്റോൺമെന്റ്
12. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
13. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും (പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
14. എല്ലാ വന്യജീവി വാർഡൻമാർക്കും, നാഷണൽ പാർക്ക്(പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
15. സീനിയർ റെയ്ഞ്ച് ഓഫീസർ (പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
16. ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം
17. ഡെപ്യൂട്ടി ഡയറക്ടർ / ഡിസ്ട്രിക്ട് ഓഫീസർ (ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് മുഖേന)
18. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
19. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
20. ഡയറക്ടർ, സെൻസസ്സ് കോർപ്പറേഷൻ, തിരുവനന്തപുരം
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:: 1. ഗ്രാമവികസനവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
3. അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ